## പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. *180** — **07.03.2018-ൽ മറുപടിയ്ക്ക്**

## ലൈറ്റ്മെട്രോയുടെ പ്രാരംഭ പ്രവർത്തനങ്ങൾ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.പുരുഷൻ കടലുണ്ടി<br>,, എ. പ്രദീപ്കുമാർ<br>,, ഐ.ബി. സതീഷ്<br>,, കെ.ആൻസലൻ | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) തിരുവനന്തപുരം, കോഴിക്കോട് നഗരങ്ങളിൽ ആരംഭിക്കാൻ ഉദ്ദേശിക്കുന്ന ലൈറ്റ്മെട്രോയുടെ പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ടോ; നിലവിലെ സ്ഥിതി അറിയിക്കാമോ; | (എ) തിരുവനന്തപുരം കോഴിക്കോട് ലൈറ്റ് മെട്രോ പദ്ധതികളുടെ ചില പ്രാരംഭ പ്രവൃത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. തിരുവനന്തപുരം ലൈറ്റ് മെട്രോ പദ്ധതിയോടനുബന്ധിച്ച് ശ്രീകാര്യം, ഉള്ളൂർ, പട്ടം എന്നിവിടങ്ങളിൽ മേൽപ്പാലങ്ങൾ നിർമ്മിക്കുന്നതിന് 08.09.2016ലെ ജി.ഒ. (എം.എസ്.) നം. 67/2016/പി.ഡബ്ല്യൂ.ഡി, പ്രകാരം 272.84 കോടി രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിൽ ശ്രീകാര്യം, ഉള്ളൂർ മേൽപ്പാലങ്ങളുടെ നിർമ്മാണത്തിനുള്ള ഭൂമി ഏറ്റെടുക്കുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്. പട്ടം മേൽപ്പാലത്തിന്റെ പുതുക്കിയ രൂപരേഖയ്ക്ക് അംഗീകാരം നൽകി, സ്ഥലം ഏറ്റെടുക്കൽ നടപടികൾ ഉടനെ ആരംഭിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. കഴക്കൂട്ടം കേശവദാസപുരം പാതവികസനത്തിന് 16.01.2017ലെ ജി.ഒ.(ആർ.ടി) നം.79/2017/പി.ഡബ്ല്യൂ.ഡി പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്.<br><br>കോഴിക്കോട് ലൈറ്റ് മെട്രോ പദ്ധതിയോടനുബന്ധിച്ച് പ്രാരംഭ പ്രവർത്തനങ്ങളുടെ |

ഭാഗമായി നിർദ്ദിഷ്ട ലൈറ്റ് മെട്രോ പാതയിൽ ഉൾപ്പെട്ട മാനാഞ്ചിറ മീഞ്ചന്ത പാത വികസനത്തിന് 03.04.2017ലെ ജി.ഒ.(ആർ.ടി) നം.459/2017/പി.ഡബ്ള്യൂ.ഡി പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്.

**(ബി)** പദ്ധതിയുടെ വിശദമായ രൂപരേഖയ്ക്ക് കേന്ദ്രസർക്കാരിന്റെ അംഗീകാരം ലഭ്യമായിട്ടുണ്ടോ;

**(ബി)** പദ്ധതിയുടെ വിശദമായ രൂപരേഖയ്ക്ക് കേന്ദ്ര സർക്കാരിന്റെ അംഗീകാരം ലഭ്യമായിട്ടില്ല.

**(സി)** ഭൂമി ഏറ്റെടുക്കാൻ വേണ്ട പ്രാരംഭ നടപടികൾ ആയിട്ടുണ്ടോ; പദ്ധതികളുടെ മതിപ്പ് ചെലവ് എത്രയെന്നും ഉദ്ദേശിക്കുന്ന ഫണ്ടിംഗ് രീതിയും അറിയിക്കാമോ;

**(സി)** ലൈറ്റ് മെട്രോ സ്റ്റേഷനുകൾക്കായി സ്ഥലം ഏറ്റെടുക്കുന്നതിന് 8.9.2016 ലെ ജി.ഒ (എം.എസ്) നമ്പർ 67/2016/ പി.ഡബ്ള്യൂ.ഡി ഉത്തരവ് പ്രകാരം അനുമതി നൽകിയിട്ടുണ്ട്. നിലവിൽ ലൈറ്റ് മെട്രോ പദ്ധതികൾക്ക് കേന്ദ്രാനുമതി ലഭ്യമായിട്ടില്ലാത്തതിനാൽ ഭൂമി ഏറ്റെടുക്കൽ നടപടികൾ ആരംഭിച്ചിട്ടില്ല. എന്നാൽ പ്രാരംഭ പ്രവർത്തനങ്ങൾക്കാവശ്യമായ ഭൂമി ഏറ്റെടുക്കാനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. പുതുക്കിയ രൂപരേഖ പ്രകാരം തിരുവനന്തപുരത്ത് 4673 കോടി രൂപയും, കോഴിക്കോട് 2773 കോടി രൂപയുമായി ആകെ 7446 കോടി രൂപയാണ് ലൈറ്റ് മെട്രോ പദ്ധതിയുടെ നിർമ്മാണ ചെലവ് കണക്കാക്കിയിരിക്കുന്നത്. ഇതിൽ സ്ഥലമെടുപ്പിനാവശ്യമായ 392 കോടി രൂപയും, സംസ്ഥാന നികുതി ഇനത്തിൽ 534 കോടി രൂപയും പൂർണ്ണമായും സംസ്ഥാന സർക്കാർ വഹിക്കുമെന്നാണ് കണക്കാക്കിയിട്ടുള്ളത്. കൂടാതെ 213 കോടി രൂപ സ്വകാര്യ പങ്കാളിത്തം വഴി സമാഹരിക്കാമെന്നാണ് പ്രതീക്ഷിക്കുന്നത്. ബാക്കി തുകയായ 6307 കോടി രൂപയുടെ 20% കേന്ദ്ര സർക്കാരും, 20% സംസ്ഥാന സർക്കാരും, 60% തദ്ദേശ/വിദേശ വായ്പ്പയായും കണ്ടെത്താനാണ് ഡി.പി.ആർ വിഭാവനം ചെയ്തിരിക്കുന്നത്.

**(ഡി)** ലൈറ്റ് മെട്രോകളോട് അനുബന്ധിച്ച് ചെയ്യേണ്ട കാര്യങ്ങൾ എന്തെല്ലാമെന്നും

**(ഡി)** ലൈറ്റ് മെട്രോ പദ്ധതിയോടനുബന്ധിച്ച് ചെയ്യേണ്ട കാര്യങ്ങൾ

അതിനായി പദ്ധതി തയ്യാറാക്കി യിട്ടുണ്ടോയെന്നും അറിയിക്കാമോ?

<u>പ്രാരംഭ പ്രവർത്തനങ്ങൾ</u>

1. കോഴിക്കോട്ട് മാനാഞ്ചിറ - മീഞ്ചന്ത പാത വികസനം

2. തിരുവനന്തപുരത്ത് ശ്രീകാര്യം, ഉള്ളൂർ, പട്ടം എന്നിവിടങ്ങളിൽ മേൽപ്പാലങ്ങളുടെ നിർമ്മാണം.

3. തിരുവനന്തപുരത്ത് കഴക്കൂട്ടം - കേശവദാസപുരം പാത വികസനം.

<u>ലൈറ്റ് മെട്രോ പദ്ധതി</u>

1. കേന്ദ്രസർക്കാരിന്റെ മെട്രോ നയത്തിന് അനുസൃതമായി പുതുക്കിയ രൂപരേഖകളുടെ പരിശോധന, തിരുത്തലുകളോ മാറ്റങ്ങളോ ആവശ്യമെങ്കിൽ അവ ഉൾപ്പെടുത്തിയ ശേഷം കേരള സർക്കാരിന്റെ അംഗീകാരം

2. പുതുക്കിയ രൂപരേഖകൾ കേരള സർക്കാരിന്റെ അംഗീകാരത്തിനു ശേഷം കേന്ദ്രസർക്കാരിന്റെ അനുമതിക്കായി സമർപ്പിക്കുക.

3. കേന്ദ്ര സർക്കാരിന്റെ അനുമതി ലഭ്യമായ ശേഷം കൺസൽറ്റന്റിനെ നിയമിക്കുക. സ്ഥലമെടുപ്പ്, ധനസമാഹരണം മുതലായ നടപടികൾ ആരംഭിക്കുക.

സെക്ഷൻ ഓഫീസർ